# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7251 — 16.07.2012 ൽ -മറുപടിക്ക്

## റേഷൻ വിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം

| | ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | റേഷൻ വിതരണ രംഗത്ത് 'കമ്പ്യൂട്ടർവൽക്കരണം' കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | റേഷൻ വിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുളള ഗൈഡ്ലൈൻസ് പ്രകാരം എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുളള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് എപ്പോൾ നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിന് സമയക്രമം കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2014, മാർച്ച് 31-നകം ഇത് പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | ഈ പദ്ധതിക്ക് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്? | (സി) | സംസ്ഥാനത്ത് എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുളള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഏകദേശം 253.60 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ